LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽതന്നെ കാസർഗോഡ് ജില്ലയിൽനിന്ന് കണ്ടെത്തിയിരുന്ന 10,271 ഗുണഭോക്താക്കൾക്കും പട്ടയം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ മറ്റു ജില്ലകളിൽനിന്നുള്ള പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് കാസർഗോഡ് ജില്ലയിൽ പട്ടയം അനുവദിച്ചിട്ടില്ല.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ പൊതുസ്ഥലങ്ങൾ നൽകിയിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വാസയോഗ്യമായതും ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം പതിച്ചുനൽകാൻ കഴിയുന്നതുമായ ഭൂമികൾ തെരഞ്ഞെടുത്താണ് പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നത്. എന്നാൽ അനുവദിച്ച പ്ലോട്ടുകൾ മാറ്റി നൽകണമെന്ന തരത്തിൽ ജില്ലയിൽ 115 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം

185(3107) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതിയുടെ ഭാഗമായി ആരെല്ലാം ഏതൊക്കെ സ്ഥാപനങ്ങൾ ഭൂരഹിതർക്ക് ഭൂമി നൽകാനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട് ; എത്ര സെന്റ് വീതം ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്തെ ഭൂമി ഇല്ലാത്ത അവശേഷിക്കുന്നവർക്കും ഭൂമി നൽകുവാൻ സർക്കാർ അടിയന്തരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്തെ ഭൂമി ഇല്ലാത്ത അവശേഷിക്കുന്നവർക്കും ഭൂമി നൽകുവാൻ സർക്കാർ അടിയന്തരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതിക്കുവേണ്ടി ഭൂമി വാഗ്ദാനം ചെയ്തിട്ടുള്ളവരുടെ പേരുവിവരം താഴെ ചേർക്കുന്നു :

പത്തനംതിട്ട ജില്ല	
മല്ലപ്പള്ളി താലൂക്കിൽ കല്ലൂപ്പാറ വില്ലേജിൽ കണ്ണമ്മല വീട്ടിൽ ശ്രീ. കെ.എ.വർഗ്ഗീസ്	27 സെന്റ്
എറണാകുളം ജില്ല	
ശ്രീ. കുമ്പാ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്	3 സെന്റ് വീതം 50 പേർക്ക്
തൃശ്ശൂർ ജില്ല	
തൃശ്ശൂർ താലൂക്കിൽ താണിക്കുടം മാറോക്കി ഹൗസിൽ കറ്റർ വില്ലേജാഫീസർ ആയിരുന്ന ശ്രീ. ഗീവറിന്റെ ഭാര്യ ശ്രീമതി ബിന്നു.	1.21 ആർ
പാലക്കാട് ജില്ല	
ഒറ്റപ്പാലം താലൂക്കിൽ ശ്രീ. വാസുദേവൻ നായർ, വള്ളിക്കാട്ടിൽ വീട്	10 സെന്റ് ഭൂമി
വയനാട് ജില്ല	
വടുവഞ്ചാൽ കതിരക്കുളമ്പിൽ ശ്രീ.സലിം ഷെമിന ദമ്പതിമാർ	0.0430 ഹെക്ടർ
കണ്ണൂർ ജില്ല	
തലശ്ശേരി താലൂക്കിൽ മൊകേരി വില്ലേജാഫീസറായിരുന്ന ശ്രീമതി നസീമ പി.വി.	1.21 ആർ
2. തലശ്ശേരി താലൂക്കിൽ മാനന്തേരി കീർത്തനം വീട്ടിൽ പുത്തശ്ശേരി മഹീന്ദ്രൻ	2.45 ആർ
കാസർഗോഡ് ജില്ല	
വെള്ളരിക്കുണ്ട് താലൂക്കിലെ ശ്രീ. ഷാജി, പി. ചാരത്തുവീട്, പുഞ്ചക്കര	1 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. വീട് വയ്ക്കാൻ അനുയോജ്യമായ വിവിധതരം സർക്കാർ ഭൂമികൾ കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കയ്യേറ്റഭൂമികൾ ഒഴിപ്പിച്ചെടുത്തും പാട്ടക്കാലാവധി കഴിഞ്ഞ ഭൂമികൾ തിരിച്ചെടുത്തും പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തുവാൻ ശ്രമിച്ചുവരുന്നു.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

186(3108) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ സംസ്ഥാനത്ത് ഇതുവരെ എത്രപേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; അനുവദിച്ച ഭൂമി ഏറ്റെടുക്കാത്തവർ എത്രയുണ്ടെന്ന് അറിയിക്കാമോ ;

(ബി) പദ്ധതിയുടെ ആദ്യഘട്ടത്തിൽ എത്ര പേർക്ക് ഭൂമി നൽകാനാണ് വിഭാവനം ചെയ്തിരിക്കുന്നത് ; ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) അനുവദിക്കപ്പെട്ടതിൽ ഭൂരിഭാഗവും വാസയോഗ്യമല്ലാത്തതും വിദൂരങ്ങളിലുള്ളതുമാണെന്ന പരാതി ഉയർന്നിട്ടുണ്ടോ ; ഇക്കാരണത്താൽ അനുവദിച്ച ഭൂമി ഏറ്റെടുക്കുന്നതിൽ അപേക്ഷകർ വിമുഖത കാണിക്കുന്നുണ്ടോ ;

(ഡി) പദ്ധതി പൂർത്തിയാകുമ്പോൾ എത്രപേർക്ക് ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നത് ; ഇതിനായി എത്രഭൂമി വേണ്ടിവരും ; ഇത് സർക്കാരിന്റെ അധീനതയിൽ ഉണ്ടോ ;

(ഇ) പ്രസ്തുത പദ്ധതിക്കായി ഭൂമി വിലയ്ക്ക് വാങ്ങിയിട്ടുണ്ടോ ; ഇതിന് എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ; ഈ പദ്ധതിക്ക് എത്ര രൂപയാണ് വകയിരുത്തിയിരുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly